**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2297** — **06-07-2022 - ൽ മറുപടിയ്ക്ക്**

**എഞ്ചിനീയറിംഗ് വിഭാഗത്തിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ത്രിതല പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ ഒന്നാം തരം, രണ്ടാം തരം, മൂന്നാം തരം എന്നിവരുടെ ആകെ ഒഴിവുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | അസിസ്റ്റന്റ് എഞ്ചിനീയർ - 128<br>ഒന്നാം തരം ഓവർസിയർ - 98<br>രണ്ടാം തരം ഓവർസിയർ - 175<br>മൂന്നാം തരം ഓവർസിയർ - 72 |
| (ബി) | തദ്ദേശ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ സ്ഥിര നിയമനം ലഭിച്ച ഒരു വിഭാഗം ഉദ്യോഗസ്ഥർ മറ്റ് വകുപ്പുകളിലേക്ക് പി.എസ്.സി. നിയമനം ലഭിച്ച് മാറിയതുമൂലം ചില തദ്ദേശ സ്ഥാപനങ്ങളിൽ പദ്ധതി ചെലവ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് തടസ്സം നേരിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. അത്തരം സന്ദർഭങ്ങളിൽ മറ്റ് ജീവനക്കാർക്ക് അഡീഷണൽ ചാർജ്ജ് അനുവദിച്ചും, താത്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയും ക്രമീകരിക്കാറുണ്ട്. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരാകുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സേവന കാലാവധി ആറ് മാസമായതുകാരണം കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നേരിട്ട പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുള്ള അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ ഒന്നാംതരം, രണ്ടാംതരം, മൂന്നാംതരം എന്നീ തസ്തികകളിലേക്ക് സ്ഥിരനിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | അത്തരം സന്ദർഭങ്ങളിൽ മറ്റ് ജീവനക്കാർക്ക് അഡീഷണൽ ചാർജ്ജ് അനുവദിച്ച് മരാമത്ത് പ്രവൃത്തികൾ തടസ്സമില്ലാതെ നടപ്പിലാക്കിയിട്ടുണ്ട്.<br>ഒഴിവുകളെല്ലാം യഥാസമയം പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് സ്ഥിരനിയമനം നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

CIVILIANZ®
CENTRE FOR CIVIL ENGG. COMPETITIVE EXAMS
SINCE 2012